ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ധനസഹായം നൽകുന്നു. കൂടാതെ ലൈഫ് പദ്ധതിയിലൂടെ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് മുൻഗണനാക്രമത്തിൽ വീടുകളും അനുവദിച്ചുവരുന്നു.

(ബി) പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാർക്ക് വകുപ്പ് മുഖേന ദുർബല പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങാൻ ധനസഹായം നൽകിവരുന്നുണ്ട്.

## കൽപ്പറ്റയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭവനം

2(2037) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

2273 ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആദിവാസി കുടുംബങ്ങൾക്കായി എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്ന് വ്യക്തമാക്കാമോ?

1034 പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഭവനം നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ പ്രസ്തുത നിയോജകമണ്ഡലത്തിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്വന്തമായി ഭൂമിയില്ലാത്ത 905 കുടുംബങ്ങൾ നിലവിലുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.:

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | കൽപ്പറ്റ മുനിസിപ്പാലിറ്റി | 79 |
| 2 | മേപ്പാടി | 13 |
| 3 | മൂപ്പൈനാട് | 1 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 4 | കണിയാമ്പറ്റ | 289 |
| 5 | മുട്ടിൽ | 65 |
| 6 | പൊഴുതന | 17 |
| 7 | വൈത്തിരി | 2 |
| 8 | പടിഞ്ഞാറേത്തറ | 91 |
| 9 | തരിയോട് | 60 |
| 10 | കോട്ടത്തറ | 160 |
| 11 | വെങ്ങപ്പള്ളി | 128 |
| | ആകെ | 905 |

**പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ**

3 (2038) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങിനൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും ചില പ്രത്യേക സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും മറ്റ് നടപടിക്രമങ്ങളും വിശദമായി അറിയിക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.